(ബി) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സബ്ജില്ലയിലെ ചീരാൻ എ.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ ഇൻചാർജ് വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് /ഉച്ചക്കഞ്ഞി എന്നിവ തിരിമറി ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ്

106 (654) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) പ്രസ്തുത സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ഈ ഫീസ് വർദ്ധന എല്ലാ അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണോ ;

(ഡി) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് മാത്രമായി ഫീസ് വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വർദ്ധനവിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്കും മറ്റ് അൺ എയ്ഡഡ് സ്കൂളുകളിലേയും ഫീസ് നിരക്കുകൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(എഫ്) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് മാത്രം ഫീസ് വർദ്ധന അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു തവണ

(ബി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിനായി അവയുടെ പ്രവർത്തനം പഠിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഉന്നതതല സമിതിയുടെ ശുപാർശ കണക്കിലെടുത്താണ് ഫീസ് വർദ്ധിപ്പിച്ചത്.

(സി) ആണ്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളിൽ നിന്നും പിരിക്കാവുന്ന ഫീസ് സംബന്ധിച്ച സ്റ്റേറ്റുമെന്റ് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാന്റേർഡ് 1 മുതൽ ഏഴു വരെ - പ്രതിവർഷം 1,000 രൂപ

സ്റ്റാന്റേർഡ് 8 മുതൽ 10 വരെ - പ്രതിവർഷം 1,500 രൂപ

കൂടാതെ മേൽപ്പറഞ്ഞ നിരക്കിന്റെ മൂന്നിൽ ഒന്ന് സ്പെഷ്യൽ ഫീസ് ആയി പിരിക്കാവുന്നതാണ്.

(എഫ്) മാനേജ്മെന്റുകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് വർദ്ധനവു വരുത്തിയത്.

ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ

107 (661) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി കോഴ്സിന്റെ പ്രൈവറ്റ് രജിസ്ട്രേഷൻ ഏതെല്ലാം വിഷയങ്ങൾക്കാണ് നിലവിലുള്ളത് ; അതിന്റെ നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രൈവറ്റ് രജിസ്ട്രേഷന് വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ ഇപ്പോൾ നിലവിലില്ല. എന്നാൽ ഓപ്പൺ സ്കൂൾ സംവിധാനത്തിലൂടെ ഹയർ സെക്കന്ററി 11 ഉം 12 ഉം ക്ലാസ്സുകൾ പഠിക്കുവാനുള്ള സമ്പ്രദായം ഇന്ന് നിലവിലുണ്ട്. ഈ സമ്പ്രദായത്തിൽ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകൾ എടുത്തു പഠിക്കാവുന്നതാണ്. നിശ്ചിത ഫീസ് അടച്ച് ഓപ്പൺ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അതാതു വിഷയങ്ങളിലെ വിശദമായ നോട്ടുകൾ തപാലിൽ എത്തിക്കാം. ഇതു കൂടാതെ സമ്പർക്ക ക്ലാസ്സുകൾ, സയൻസ് പ്രാക്ടിക്കൽ സെവൻസ് എന്നിവ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വച്ച് നൽകുന്നുണ്ട്. അർദ്ധവാർഷിക, വാർഷിക പരീക്ഷകളും ഇവയ്ക്കുള്ള പ്രോഗ്രസ്സ് കാർഡുകളും നൽകുന്നു.

(ബി) രണ്ടു വർഷത്തേയ്ക്കുള്ള കോഴ്സ് ഫീസ് സയൻസ് വിഷയങ്ങൾക്ക് 2000 രൂപയും ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നിവയ്ക്ക് 1000 രൂപയുമാണ്. ഈ തുക രണ്ടു ഗഡുക്കളായി അടച്ചാൽ മതിയാകും.

(സി & ഡി) പ്രീ-ഡിഗ്രി സംവിധാനത്തിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയല്ല ഓപ്പൺ സ്കൂൾ സംവിധാനത്തിലുള്ളത്. നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിലാണ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഏറ്റവും പ്രയോജനപ്രദമായ രീതിയിലാണ് പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly